ഉരുൾപൊട്ടലിൽ നൂറുകണക്കിന് ജീവനുകൾ പൊലിയുകയും വൻനാശനഷ്ടമുണ്ടാവുകയും ചെയ്ത വയനാടിനായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 4,52,212 രൂപ സംഭാവന ചെയ്തു. ജീവനക്കാർ ശമ്പളത്തിൽ നിന്ന് നൽകിയ തുക സമാഹരിച്ച് 05.09.2024-ന് മുഖ്യമന്ത്രിക്ക് കൈമാറി. ശ്രീചിത്ര എംപ്ലോയീസ് സൊസൈറ്റിയും ജീവനക്കാർ വ്യക്തിപരമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ തുകയ്ക്ക് പുറമേയാണിത്. ഈ പ്രതിസന്ധി ഘട്ടത്തിൽ ഉദാരമായി സംഭാവന നൽകി സഹായിക്കാൻ സന്മനസ്സ് കാണിച്ച ശ്രീ ചിത്രയിലെ ജീവനക്കാരെ മുഖ്യമന്ത്രി അഭിനന്ദിച്ചു.